MCSL/SEC/23-24/147

August 29, 2023

BSE Limited
Phiroze Jeejeebhoy Towers
Dalal Street,
Mumbai - 400 001
Scrip Code – 511766
Scrip Code (Debenture) – 974915, 974648, 974292, 974550, 974551 and 974552

National Stock Exchange of India Limited
Exchange Plaza, C-1, Block G,
Bandra Kurla Complex,
Bandra (E), Mumbai - 400 051
Trading Symbol - MUTHOOTCAP

Dear Sir/Madam,

Sub: Newspaper Advertisement giving Notice of the 29th Annual General Meeting (AGM) of the Company for the Financial Year 2022-23 as required under Regulation 30 of the Securities and Exchange Board of India (Listing Obligations and Disclosure Requirements) Regulations, 2015, (Listing Regulations)

Pursuant to Regulations 30, 44 and 47 of the Listing Regulations and in compliance with Section 108 of the Companies Act, 2013 read with Rule 20 of the Companies (Management and Administration) Rules, 2014 and the Secretarial Standard on General Meetings issued by the Institute of Company Secretaries of India, we enclose herewith the copies of the following newspaper advertisements published on 29th of August, 2023, regarding Notice of the 29th Annual General Meeting (AGM) of the Company scheduled to be held on Wednesday, September 20, 2023, at 01.00 P.M., through Video Conference ("VC") or Other Audio-Visual Means ("OAVM") without the physical presence of the Members at a common venue.

The details of the newspaper advertisement are given below:

Sl. No.	Date of publication	Name of Newspaper	Subject Matter
1.	August 29, 2023	Mangalam (Vernacular) Business Line (English)	Intimation on the dispatch of Notice calling the AGM along with the Annual Report of the Company for the FY 2022 - 2023 to the shareholders.

We request you to kindly take the revised filing on record as the earlier filing had mistakenly mentioned “September 29, 2023” as the date of publication. Please treat the same as compliance with the applicable provisions of the Listing Regulations.

Thanking you,

Yours faithfully,

For Muthoot Capital Services Limited

DEEPA GOPALAKRISHNAN

Digitally signed by DEEPA GOPALAKRISHNAN
Date: 2023.08.29 18:39:55 +05'30'

Deepa G
Company Secretary & Compliance Officer
Membership No.: A68790

QUICKLY.

CD issuance at 3-month high on liquidity withdrawal

Mumbai: The Reserve Bank of India's move to withdraw liquidity from the banking system has forced lenders to scout the market for funds, pushing up the issuances of certificates of deposits (CDs) to a three-month high for the previous fortnight. Banks raised over $4.24 billion via CDs in the fortnight ended August 25, data from CCIL's F-Trac platform showed. REUTERS

Japanese firm Mercari opens office in India

Bengaluru: Japanese consumer-to-consumer (C2C) marketplace platform Mercari Inc. launched its first office in India, a Global Centre of Excellence (GCoE) in Bengaluru, and will double its existing headcount by CY2024 as it expands its presence in the country. Currently, it has a team size of 40 people. OUR BUREAU

Onboard ONDC, PepsiCo hopes for extended reach

New Delhi: Leading snacks and beverages company PepsiCo India on Monday said it has joined Open Network for Digital Commerce (ONDC) . The company added this partnership will enable discoverability of the company's product portfolio by buyers and help in extending customer outreach through the diverse array of ONDC-affiliated seller applications. OUR BUREAU

IBA okays sharing of more info on sale of stressed assets with ARCs

IMPROVING TRANSPARENCY. Asset reconstruction companies to get access to an information checklist

K Ram Kumar
Mumbai

ENABLING INFORMED DECISION. ARCs will get details on the history of borrower account, the debt and security profile, and the legal status

To improve transparency and uniformity of processes in the sale of stressed assets to asset reconstruction companies (ARCs), banks/ financial institutions will soon be widely disseminating information relating to the proposed transfer of stressed assets, including reserve price and payment terms.

Further, ARCs will get access to an information checklist, comprising brief history of borrower account, debt and security profile and legal status.

The aforementioned measures have been approved by the Indian Banks' Association (IBA).

This follows suggestions by the Association's five-member working group for implementing the recommendations of the Reserve Bank of India's committee on the "working of the ARCs".

The Group included Ajit Kumar, MD and CEO, Secondary Loan Market Association (SLMA); Hari Hara Mishra, CEO, Association of ARCs in India; and Mythili Balasubramanian, Executive Director, Edelweiss ARC.

RESERVE PRICE

Once a stressed asset's reserve price is arrived at, banks/FIs will give adequate publicity via press/ media/ e-auction platforms etc with regard to the proposed transfer, inviting expression of interest (EoI) from prospective acquirers, per the model process document. The reserve price will take into account the value of charged securities/ enterprise value of the company, net worth of the guarantors, value of uncharged assets (where attachment is obtained), brand value, intrinsic value, cash, etc.

Banks/FIs may also upload information on the auction on respective websites of banks/FIs. To facilitate wider participation, ARCs/ Association of ARCs/ NBFCs could also be informed about the proposed auction process.

Lenders have to clearly indicate the reserve price and the payment terms – components of cash or combination of cash and security receipts.

Banks/FIs will give adequate time to prospective acquirers, who have submitted EoI and executed Non-Disclosure Agreement (NDA), of say two-three weeks to conduct due diligence.

Lenders may consider stipulating earnest money deposit (EMD) for participating bidders to encourage only serious bidders.

THE CHECKLIST

Banks/ FIs will share an information checklist, comprising borrower overview, debt and security profile, legal status, among others, at the pre-deal stage to enable ARCs to weigh the recovery prospects.

Lenders will share operational data/MIS and audited financial statements for the past few years as available on records; documents evidencing constitution of the borrower (company, partnership firm, etc); KYC of borrower, promoters, guarantors, mortgagors; NPA declaration date; a note on reasons for stress/ default; wilful defaulter status and whether classified as "fraud".

When it comes to debt profile, ARCs will get details of lender-wise break-up of working capital/ term loan; status of non-fund based exposure; whether bank has lent to any group companies; status of asset classification with other lenders; details of restructuring/ re-schedulement.

OTHER DETAILS

Lenders will share security profile, including charge status (including details of guarantees/ shares pledged), latest valuation reports, certificate of net worth of guarantors, and memorandum of entry/ title deeds/ loan documents/title search reports, etc.

ARCs will also get a legal status report from lenders. This will include DRT (debt recovery tribunal) status of the stressed account, status of IBC (Insolvency and Bankruptcy Code) proceedings.

Telecom sector's EBITDA may grow 15-17% this fiscal

Arushi Mishra
Mumbai



India's telecommunication companies are poised to boost their operating profits (EBITDA) by 15-17 per cent to approximately ₹1.2-lakh crore in the current fiscal year, up from about ₹1.04-lakh crore in the previous fiscal, according to Crisil.

The telecommunications sector benefits from high operating leverage, with a significant portion of costs being fixed. Any increase in ARPU directly contributes to operating profit. Operating profit nearly doubled between fiscal years 2020 and 2023, while ARPU increased by 1.4 times.

ARPU OUTLOOK

The ARPU is projected to grow by 8–10 per cent year-on-year to approximately ₹190 this fiscal year. Increased data usage, expected to reach 23–25 GB per subscriber per month, and tariff plan adjustments will drive this growth, ultimately leading to enhanced operating profitability.

Naveen Vaidyanathan, Director, Crisil Ratings, says, "Large spectrum investments last fiscal resulted in the debt of telcos rising to ₹6.3-lakh crore as of March 31, 2023, from ₹4.6-lakh crore as on March 31, 2022. Investments in 5G services could result in that number rising to ₹6.5-lakh crore by the end of this fiscal year. Yet, the leverage of telcos rated by Crisil Ratings should improve because of better profitability. Their debt-to-EBITDA ratio is foreseen at 3.0 times this fiscal, compared with 3.3 times last fiscal."

Despite limited monetisation of 5G services due to evolving use cases and low penetration of 5G handsets in India, the sector is expected to witness a 15–17 per cent increase in operating profit to around ₹1.2-lakh crore. 4G technology is expected to remain dominant for the time being.

Telcos are likely to invest approximately ₹90,000 crore this fiscal to strengthen network infrastructure and improve services, compared to around ₹80,000 crore in the previous fiscal.

Profitability of NBFCs, MFIs may grow 2.7-3% in FY24 on expanded margins: ICRA

Anshika Kayastha
Mumbai

NBFC-MFIs saw the highest AUM growth in FY23 compared with other lenders, including banks.

Profitability of NBFC-MFIs, in terms of return on managed assets, is expected to improve to 2.7-3.0 per cent in FY24 and 3.2-3.5 per cent in FY25, from 2.1 per cent in FY23, led by an increase in margins, according to ICRA.

Margins have improved on the back of growing share of new portfolio originated at higher rates, post the implementation of the new MFI regulations in FY23, combined with lower credit costs.

"With the revised regulatory framework in place, NBFC-MFIs raised their lending rates in FY23. With the full impact of the higher yields yet to be reflected, ICRA expects further improvement in the NIMs in FY24. This, coupled with expected reduction in credit cost, would help the industry witness improvement in return on average managed assets by 60-90 bps in FY24," said Sachin Sachdeva, Vice-President and Sector Head, Financial Sector Ratings, ICRA.

AUM GROWTH

However, AUM of NBFC-MFIs, which grew 38 per cent in FY23, is expected to witness relatively slower growth of 24-26 per cent in FY24 and 23-25 per cent in FY25.

NBFC-MFIs saw the highest AUM growth in FY23 compared with other lenders, including banks. This resulted in their overall share in microfinance rising to around 40 per cent as of March 2023 from 35 per cent a year-ago. On the other hand, the share of banks declined to 34 per cent from 40 per cent.

As of now, the asset quality has improved with 90+ days-past-due (dpd) book, which had touched a peak of 6.2 per cent in September 2022, falling thereon to 2.5 per cent as of March 2023 even after adjusting for slippages from the restructured book.

Driven by write-offs, recoveries and sale of delinquent portfolios to ARCs, ICRA expects delinquencies to decline 40-60 bps to around 1.9-2.1 per cent in the near-term.

Intermediaries must work hard to expand NPS subscriber base, says PFRDA chief

KR Srivats
New Delhi

Deepak Mohanty, PFRDA Chairman

Pension funds and points of presence (PoPs) must up their game in spreading awareness about NPS and look to expand the base of subscribers, PFRDA Chairman Deepak Mohanty has said.

They should work towards increasing pension awareness both through digital outreach and in physical form, Mohanty said at an event to mark HDFC Pension Fund crossing the milestone of ₹50,000 crore of pension assets under its management.

He pointed out that PFRDA had already permitted the PoPs to utilise the services of agents for NPS which should facilitate physical reach.

Mohanty underscored the need for everyone to have a pension account. Considering their higher longevity, women in the family must have a pension account. The belief that a single post-retirement account for the head of the family is sufficient for the family is somewhat misplaced, he noted.

Mohanty highlighted that Survey data suggest that those who can financially afford to have National Pension System (NPS) are still not adequately covered. "For example inclusion of women is less. Similarly, spread of NPS among professionals, small business and self employed is relatively less", he said.

Mohanty urged pension funds and PoPs to enable youngsters to come under the NPS fold. "NPS is going to expand as income levels rise and awareness improves. However, pension is not a natural pick by youngsters. There is a need for enablement.

'Easier norms to attract more reinsurers to India, but need to build capacity'

Anshika Kayastha
Mumbai



The recent IRDAI amendments making it easier for reinsurance companies to set up shop in India are expected to attract more global players to the country, but it could take a few years as much needs to be done in terms of capacity building and skill development.

"The decrease in the capital requirement for overseas reinsurers is certain to lead to a rise in the number of reinsurers operating within India. This has been a longstanding request from reinsurers, who question the necessity of committing substantial capital when they already have backing from their headquarters," said Salil Das, Director of Reinsurance, Alliance Insurance Brokers.

REVISED NORMS

The revised norms include lower capital requirements for foreign reinsurance branches, rationalising of the order of preference, and reduced compliance burden which are expected to bring in ease of business by reducing operational complexities and enhancing overall sector efficiency, market players said.

"These changes, along with the adoption of international standards, will boost India's reinsurance industry's technical know-how and innovation potential.

"As these amendments take root and the industry evolves, we can anticipate a surge in market growth, international recognition, and a more resilient and competitive insurance ecosystem," said Subhrajit Mukhopadhyay, ED at Edelweiss Tokio Life Insurance. Increased number of reinsurers in the market will help the insurance sector grow as the capacity for reinsurance expands.

Domestic insurers too will find it easier to manage and utilise excess resources within the country rather than relying on the international market, market players said, adding that over time we can also expect more products and distribution methods to be introduced.

NEW AVENUES

However, while the norms open up new avenues for reinsurance companies to come into the country, all of this will take a few years because a lot of work still needs to be done in India on building reinsurance capacity, compliance and governance and skill development.

"There are a lot of reinsurance companies that have been doing business in India for many years without being present in India. They might either think they know the market and want to expand there, or they could believe they are already getting what they need. So it will be dependent on each company's outlook on how they see India as a market," said Amit Agarwal, CEO, Howden Insurance Brokers India.

● മാപ്പപേക്ഷിച്ച് തൃപ്ത ത്യാഗി

‘തെറ്റുപറ്റി, വർഗീയത ലക്ഷ്യമിട്ടിരുന്നില്ല’


▪ തൃപ്ത ത്യാഗി

ലഖ്നൗ: ഉത്തർപ്രദേശിലെ മുസാഫർനഗറിൽ രണ്ടാം ക്ലാസ് വിദ്യാർഥിയെ സഹപാഠികളെക്കൊണ്ട് തല്ലിച്ചതിനു മാപ്പപേക്ഷിച്ച് അധ്യാപിക തൃപ്ത ത്യാഗി രംഗത്ത്. തന്റെ ഭാഗം വിശദീകരിച്ച് പുറത്തിറക്കിയ വീഡിയോ സന്ദേശത്തിലാണ് തൃപ്തിയുടെ കുറ്റസമ്മതം.

താൻ തെറ്റു ചെയ്തെന്നും വർഗീയത ലക്ഷ്യമിട്ടിരുന്നില്ലെന്നും തൃപ്ത പറഞ്ഞു. കുട്ടി ഗൃഹപാഠം ചെയ്തിരുന്നില്ല. പഠനത്തിൽ ഉഴപ്പാതിരിക്കാനാണ് ശിക്ഷിച്ചതെന്നും അവർ വിശദീകരിച്ചു.

"ഞാൻ തെറ്റു ചെയ്തു. എന്നാൽ, അതിനു പിന്നിൽ വർഗീയലക്ഷ്യം ഉണ്ടായിരുന്നില്ല. ഭിന്നശേഷിക്കാരിയായതിനാൽ എഴുന്നേൽക്കാൻ കഴിയാത്തതുകൊണ്ടാണ് മറ്റൊരു കുട്ടിയോട് അവനെ അടിക്കാൻ ആവശ്യപ്പെട്ടത്. അത് അവൻ പഠിക്കാൻ വേണ്ടിയായിരുന്നു. തെറ്റുപറ്റിയെന്ന് കൂപ്പുകൈകളോടെ അംഗീകരിക്കുന്നു. എന്റെ പ്രവൃത്തിയിൽ ഹിന്ദു- മുസ്‌ലിം വേർതിരിവ് ഇല്ലായിരുന്നു" - തൃപ്ത പറഞ്ഞു. ഹിന്ദുക്കളും മുസ്ലീംകളും തമ്മിൽ പ്രശ്നമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് വീഡിയോ പ്രചരിപ്പിച്ചതെന്നും സ്കൂൾ ഉടമകൂടിയായ തൃപ്ത ത്യാഗി ആരോപിച്ചു. ഫീസ് നൽകാൻ കഴിയാത്ത പല മുസ്ലിം കുട്ടികളെയും താൻ സൗജന്യമായി പഠിപ്പിക്കുന്നുണ്ടെന്നും അവർ പറഞ്ഞു.

മർദനമേറ്റ കുട്ടിയുടെ രക്ഷിതാക്കളുടെ പരാതിയിൽ പോലീസ് തൃപ്തയ്ക്കെതിരേ കേസെടുത്തിട്ടുണ്ട്. ജാമ്യം ലഭിക്കാവുന്ന വകുപ്പുകളാണ് ഇവർക്കെതിരേ ചുമത്തിയിരിക്കുന്നത്. വിവാദത്തെ തുടർന്ന് സ്കൂൾ താൽക്കാലികമായി അടച്ചു. ഇവിടെയുള്ള വിദ്യാർഥികളെ സമീപത്തുള്ള മറ്റു സ്കൂളുകളിൽ പ്രവേശിപ്പിക്കാനാണ് വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ്.

അതേസമയം, തൃപ്ത ത്യാഗിയുമായി യാതൊരുവിധ ഒത്തുതീർപ്പിനുമില്ലെന്ന് കുട്ടിയുടെ മാതാപിതാക്കൾ വ്യക്തമാക്കി. സംഭവം കുട്ടിക്ക് വലിയ മാനസികാഘാതമാണുണ്ടാക്കിയത്. അസ്വസ്ഥതമൂലം ഉറങ്ങാൻ കഴിയാതിരുന്ന കുട്ടിയെ മീററ്റിലെ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടിവന്നു. സ്കൂളിലെ സംഭവത്തെക്കുറിച്ച് നിരവധിപേർ ചോദിച്ചതോടെയാണ് കുട്ടിക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ടായത്. ഭയപ്പെടേണ്ട കാര്യമില്ലെന്നാണ് ഡോക്ടർമാർ അറിയിച്ചതെന്നും കുട്ടിയുടെ പിതാവ് പറഞ്ഞു.

മാതാപിതാക്കൾ സമ്മതിച്ചാൽ കുട്ടിയെ സർക്കാർ പ്രൈമറി സ്കൂളിൽ പ്രവേശിപ്പിക്കുമെന്ന് മുസഫർനഗർ ബേസിക് ശിക്ഷാ അധികാരി (ബി.എസ്.എ) ശുഭം ശുക്ല പറഞ്ഞു. "തന്റെ മകനെ നേഹ പബ്ലിക് സ്കൂളിൽ തുടർന്നു പഠിപ്പിക്കാൻ പിതാവ് ആഗ്രഹിക്കുന്നില്ല. ബ്ലോക്ക് വിദ്യാഭ്യാസ ഓഫീസർ കുട്ടിയുമായി സംസാരിച്ചു. ഗ്രാമത്തിലെ സർക്കാർ പ്രൈമറി സ്കൂളിൽ പഠിക്കാൻ അവൻ സന്നദ്ധത പ്രകടിപ്പിച്ചു. അവന്റെ മാതാപിതാക്കൾ സമ്മതിച്ചാൽ കുട്ടിയെ സർക്കാർ സ്കൂളിൽ ചേർക്കും" - ശുഭം ശുക്ല പറഞ്ഞു. എന്നാൽ, സർക്കാർ സ്കൂളിൽ ചേർക്കുന്നതു സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ലെന്നായിരുന്നു കുട്ടിയുടെ പിതാവിന്റെ പ്രതികരണം.

‘ഇന്ത്യ’യുടെ കൺവീനറാകാൻ മോഹമില്ലെന്ന് നിതീഷ്



പട്ന: പ്രതിപക്ഷകക്ഷികളെ ഒന്നിപ്പിക്കുക മാത്രമാണു തന്റെ ലക്ഷ്യമെന്നും ഇന്ത്യ മുന്നണിയുടെ കൺവീനറാകാൻ താത്പര്യമില്ലെന്നും ബിഹാർ മുഖ്യമന്ത്രി നിതീഷ്കുമാർ. 31-ന് ഇന്ത്യ മുന്നണിയുടെ മൂന്നാംസമ്മേളനം മുംബൈയിൽ നടക്കാനിരിക്കേയാണു മാധ്യമപ്രവർത്തകരുടെ ചോദ്യത്തിനു മറുപടിയായി നിതീഷ് ഇക്കാര്യം വ്യക്തമാക്കിയത്.

പ്രതിപക്ഷ ഐക്യത്തിന്റെ കാര്യത്തിൽ തനിക്കു വ്യക്തിപരമായ താത്പര്യങ്ങളില്ലെന്നും നിതീഷ് പറഞ്ഞു. വരാനിരിക്കുന്ന തെരഞ്ഞെടുപ്പുകളിൽ സീറ്റ് വിഭജനം ഉൾപ്പെടെ ചർച്ച ചെയ്യുന്നതിനായി മുംബൈ സമ്മേളനത്തിൽ 11 അംഗ ഏകോപനസമിതി രൂപീകരിക്കാനാണ് ഇന്ത്യ മുന്നണിയുടെ നീക്കം. കൺവീനർ സ്ഥാനത്തു നിതീഷ്കുമാറായിരിക്കുമെന്ന അഭ്യൂഹങ്ങൾക്കിടെയാണ് അദ്ദേഹം നയം വ്യക്തമാക്കിയത്.

പട്നയിൽ നടന്ന പ്രതിപക്ഷമുന്നണിയുടെ ആദ്യയോഗത്തിലും ബംഗളുരുവിൽ നടന്ന രണ്ടാംയോഗത്തിലും നിതീഷ്കുമാറായിരുന്നു മുഖ്യസംഘാടകൻ. അടുത്തവർഷത്തെ പൊതുതെരഞ്ഞെടുപ്പിനു മുമ്പ് നിതീഷ് ദേശീയരാഷ്ട്രീയത്തിൽ സജീവമാകുകയാണെങ്കിൽ ബിഹാർ മുഖ്യമന്ത്രി സ്ഥാനം ഉപമുഖ്യമന്ത്രിയും ആർ.ജെ.ഡി. നേതാവുമായ തേജസ്വി യാദവിനു കൈമാറിയേക്കുമെന്ന അഭ്യൂഹവുമുണ്ട്.

ഓൾട്ട് ന്യൂസ് സഹസ്ഥാപകന് എതിരേ കേസ്



ന്യൂഡൽഹി: മുസഫർ നഗറിൽ ക്ലാസ് മുറിയിലെ ചെകിട്ടത്തടിക്ക് ഇരയായ വിദ്യാർഥിയെ തിരിച്ചറിയാൻ സഹായിക്കുന്ന സൂചനകൾ നൽകിയതിന് ഓൾട്ട് ന്യൂസ് സഹസ്ഥാപകൻ മുഹമ്മദ് സുബൈറിനെതിരേ കേസ്.

കുട്ടിയുടെ പേരുവിവരങ്ങൾ അടക്കം പുറത്തുവിടുന്നതു ദേശീയ ബാലാവകാശ സംരക്ഷണ കമ്മിഷൻ കഴിഞ്ഞദിവസം വിലക്കിയിരുന്നു. ഇതു ലംഘിച്ച് വിദ്യാർഥിയെ തിരിച്ചറിയാൻ സഹായിക്കുന്ന വിശദാംശങ്ങളടക്കം ഫാക്ട്ചെക്കിങ് വെബ്സൈറ്റായ ഓൾട്ട് ന്യൂസിൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. തുടർന്നാണ് സഹസ്ഥാപകൻ മുഹമ്മദ് സുബൈറിനെതിരേ മുസാഫർനഗർ പോലീസ് കേസെടുത്തത്.

ചാന്ദ്ര ദൗത്യം മൂന്നാംവട്ടവും മാറ്റി ജപ്പാൻ

ടോക്കിയോ: ചാന്ദ്ര പര്യവേക്ഷണ ദൗത്യം മൂന്നാം വട്ടവും മാറ്റിവച്ച് ജപ്പാൻ.

മോശം കാലാവസ്ഥയെത്തുടർന്നാണ് ദൗത്യം മാറ്റിവയ്ക്കാൻ ജാപ്പനീസ് ബഹിരാകാശ ഏജൻസിയായ ജപ്പാൻ എയ്റോസ്പേസ് എക്സ്പ്ലൊറേഷൻ ഏജൻസി (ജാക്സ) നിർബന്ധിതരായത്. തെക്കൻ ദ്വീപായ തനേഗാഷിമയിൽ നിന്ന് എച്ച് 2-എ റോക്കറ്റേറിയായിരുന്നു ദൗത്യം നിശ്ചയിച്ചിരുന്നത്. നാസയും യൂറോപ്യൻ ബഹിരാകാശ ഏജൻസിയും ചേർന്നു വികസിപ്പിച്ചെടുത്ത ഗവേഷണ ഉപഗ്രഹവും ഇതിനൊപ്പം കുതിക്കേണ്ടതായിരുന്നു. എന്നാൽ കാലാവസ്ഥ പ്രതികൂലമായതോടെ വിക്ഷേപണം മാറ്റി. പുതിയ തീയതി പ്രഖ്യാപിച്ചിട്ടില്ല.

● ജാഗ്രതയോടെ ഹരിയാന സർക്കാർ

കനത്ത സുരക്ഷയിൽ നൂഹിൽ ജലാഭിഷേകം

● വിന്യസിച്ചത് 5000 പോലീസ്, അർധസൈനികരെ
● ക്ഷേത്രത്തിലേക്കു കടത്തിവിട്ടത് 51 പേരെ മാത്രം
● ഘോഷയാത്രയ്ക്ക് അനുമതി നൽകിയില്ല

ചണ്ഡിഗഡ്: കഴിഞ്ഞമാസം വർഗീയലഹളയുണ്ടായ ഹരിയാനയിലെ നൂഹിലുള്ള നൽഹാർ ക്ഷേത്രത്തിലെ ജലാഭിഷേകച്ചടങ്ങിൽ പങ്കെടുക്കാൻ വിശ്വഹിന്ദു പരിഷത്ത് (വി.എച്ച്.പി) നേതാവ് അലോക്കുമാർ ഉൾപ്പെടെ 51 പേർക്ക് അനുമതി. പോലീസ് അനുമതിയോടെ നാട്ടുകാരും ക്ഷേത്രപൂജാരിമാരും ഉൾപ്പെടെയുള്ള 51 അംഗസംഘം ക്ഷേത്രത്തിനുള്ളിൽ പ്രവേശിച്ച് ജലാഭിഷേകം നടത്തി. ചടങ്ങ് 35 മിനിട്ടോളം നീണ്ടുനിന്നു.

കഴിഞ്ഞമാസം മുടങ്ങിയ ബ്രജ്മണ്ഡൽ ജലാഭിഷേകയാത്ര പൂർത്തീകരിക്കുമെന്നു വി.എച്ച്.പി. പ്രഖ്യാപിച്ചിരുന്നു. ചടങ്ങുകൾ ഇന്നലെ പൂർത്തിയായെന്ന് അലോക്കുമാർ വ്യക്തമാക്കി. ചടങ്ങിൽ പുറത്തുനിന്നുള്ള മറ്റുള്ളവർ പങ്കെടുക്കാനോ ഘോഷയാത്ര നടത്താനോ അനുമതിയുണ്ടായിരുന്നില്ല. തിരിച്ചറിയൽരേഖകൾ പരിശോധിച്ചാണു സംഘാംഗങ്ങളെ ക്ഷേത്രത്തിലേക്കു പ്രവേശിപ്പിച്ചത്. ക്ഷേത്രത്തിലേക്കുള്ള വഴിയിൽ ഓരോ 500 മീറ്ററിലും പോലീസ് ബാരിക്കേഡുകൾ സ്ഥാപിച്ചിരുന്നു. ഡ്രോണുകൾ ഉപയോഗിച്ച് വ്യോമനിരീക്ഷണം നടത്തി. നൂഹിലേക്കുള്ള പ്രവേശനകവാടങ്ങളിൽ രണ്ടായിരത്തിലേറെ പോലീസുകാരെയും 3000 അർധസൈനികരെയും വിന്യസിച്ചിരുന്നു. ഇതേ സുരക്ഷ ഉറപ്പാക്കിയിരുന്നെങ്കിൽ കഴിഞ്ഞമാസമുണ്ടായ കലാപം ഒഴിവാക്കാമായിരുന്നെന്ന് അലോക്കുമാർ പറഞ്ഞു.

പ്രാദേശികഭരണകൂടം അനുമതി നിഷേധിച്ച സാഹചര്യത്തിൽ ഘോഷയാത്രയിൽനിന്നു പിന്തിരിയണമെന്നു മുഖ്യമന്ത്രി മനോഹർലാൽ ഖട്ടർ അഭ്യർഥിച്ചതനുസരിച്ചാണു വി.എച്ച്.പി. ചടങ്ങുകൾ വെട്ടിച്ചുരുക്കിയത്.

ഘോഷയാത്രയിൽ പങ്കെടുക്കാതിരിക്കാൻ തന്നെയും സംഘടനയുടെ മറ്റ് നേതാക്കളെയും വീട്ടുതടങ്കലിലാക്കിയിരിക്കുകയാണെന്നു വി.എച്ച്.പി. നേതാവ് കുൽഭൂഷൺ ഭരദ്വാജ് ഇന്നലെ ആരോപിച്ചിരുന്നു. എന്നാൽ, ആരെയും കരുതൽ വീട്ടുതടങ്കലിലാക്കിയിട്ടില്ലെന്നു ഹരിയാന പോലീസ് വ്യക്തമാക്കി.

ക്രമസമാധാനപാലനം ഉറപ്പാക്കാൻ സർക്കാരിനു ബാധ്യതയുള്ളതിനാലാണു ഘോഷയാത്രയ്ക്ക് അനുമതി നിഷേധിച്ചതെന്നു മുഖ്യമന്ത്രി മനോഹർലാൽ ഖട്ടർ കഴിഞ്ഞ ഞായറാഴ്ച വ്യക്തമാക്കിയിരുന്നു. കഴിഞ്ഞ 26-നു ഹരിയാന പോലീസ് സമാധാനസമിതി ഭാരവാഹികളുമായി ചർച്ച നടത്തി. സുരക്ഷ ഉറപ്പാക്കാൻ അയൽസംസ്ഥാനങ്ങളായ പഞ്ചാബ്, ഡൽഹി, ഉത്തർപ്രദേശ്, രാജസ്ഥാൻ സംസ്ഥാനങ്ങളിലെ പോലീസിന്റെയും സഹായം തേടി. കലാപത്തോടനുബന്ധിച്ച് 292 പേർ അറസ്റ്റിലായിരുന്നു. 31-നു നൂഹിലുണ്ടായ കലാപത്തോടനുബന്ധിച്ച് 292 പേർ അറസ്റ്റിലായിരുന്നു.


▪ നൂഹിലെ നൽഹാർ ക്ഷേത്രത്തിൽ വി.എച്ച്.പി. സംഘടിപ്പിച്ച ജലാഭിഷേകച്ചടങ്ങിനോടനുബന്ധിച്ച് സുരക്ഷയൊരുക്കാൻ ദ്രുതകർമസേനയെ വിന്യസിച്ചപ്പോൾ.

മധുര ട്രെയിൻ തീപിടിത്തം: അഞ്ചുപേർ അറസ്റ്റിൽ

ചെന്നൈ: മധുരയ്ക്കു സമീപം നിർത്തിയിട്ടിരുന്ന ട്രെയിനിലെ സ്വകാര്യ കോച്ചിനു തീപിടിച്ച് പത്തോളം പേർ മരിച്ച സംഭവത്തിൽ അഞ്ച് ഉത്തർപ്രദേശ് സ്വദേശികൾ അറസ്റ്റിൽ. കോച്ചിൽ അനധികൃതമായി ഗ്യാസ് സിലിണ്ടർ ഉപയോഗിച്ച് പാചകം ചെയ്തതിനെ തുടർന്നായിരുന്നു തീപിടിത്തമെന്ന് കണ്ടെത്തിയിരുന്നു. സീതാപുരിലെ ടൂർ-ട്രാവൽസ് കമ്പനിയിലെ ജീവനക്കാരാണ് അറസ്റ്റിലായവർ.

ലഖ്നൗവിൽനിന്നു ടൂർ കമ്പനിയുടെ നേതൃത്വത്തിൽ രാമേശ്വരം ഉൾപ്പെടെയുള്ള പുണ്യസ്ഥലങ്ങൾ സന്ദർശിക്കാനെത്തിയവരാണ് ദുരന്തത്തിൽ മരിച്ചത്. പ്രത്യേക കോച്ച് വാടകയ്ക്കെടുത്തായിരുന്നു സംഘത്തിന്റെ യാത്ര. രാമേശ്വരത്തേക്കുള്ള യാത്രാമധ്യേ മധുരയ്ക്കു സമീപം നിർത്തിയിട്ടിരുന്ന സ്ലീപ്പർ കോച്ചിൽ ശനിയാഴ്ച പുലർച്ചെ പാചകം ചെയ്യുന്നതിനിടെ പാചകവാതകം ചോർന്ന് തീപിടിക്കുകയായിരുന്നു.

മറ്റു യാത്രികർ ഉറങ്ങുമ്പോഴായിരുന്നു ടൂർ സംഘടിപ്പിച്ച കമ്പനിയിലെ ജീവനക്കാരുടെ പാചകം. കോച്ചിന്റെ വാതിലുകൾ അകത്തുനിന്നു പൂട്ടിയ നിലയിലായിരുന്നു. സ്ഫോടന ശബ്ദത്തോടെയുള്ള അഗ്നിബാധ പുലർച്ചെ 5.15 നായിരുന്നു.

രാവിലെ ഏഴിനുശേഷമാണ് തീയണച്ചത്. സംഭവസ്ഥലത്തുനിന്ന് പാചകവാതക സിലിണ്ടർ, അടുപ്പുകൾ, വിറകുകെട്ട് തുടങ്ങിയവ കണ്ടെടുത്തിരുന്നു.

ജി-20: പുടിൻ ഇന്ത്യയിലേക്കില്ല

ന്യൂഡൽഹി: ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന ജി-20 ഉച്ചകോടിയിൽ നേരിട്ടു പങ്കെടുക്കുന്നതിന് അസൗകര്യമുണ്ടെന്നു വ്യക്തമാക്കി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ.

തനിക്കു പകരം റഷ്യയെ പ്രതിനിധീകരിച്ച് വിദേശകാര്യമന്ത്രി സെർജി ലാവ്റോവ് ഡൽഹിയിലെത്തുമെന്നും പുടിന്റെ സ്ഥിരീകരണം. പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ഫോണിൽ വിളിച്ചാണ് ഇക്കാര്യം അറിയിച്ചത്. യുക്രൈനിലെ യുദ്ധക്കുറ്റങ്ങളുടെ പേരിൽ രാജ്യാന്തര ക്രിമിനൽ കോടതി പുറപ്പെടുവിച്ചിട്ടുള്ള അറസ്റ്റ് വാറന്റിന്റെ പശ്ചാത്തലത്തിലാണ് പുടിന്റെ പിന്മാറ്റമെന്നാണു വിലയിരുത്തപ്പെടുന്നത്.

വിദേശസന്ദർശനം നടത്തുന്നപക്ഷം പുടിന്റെ അറസ്റ്റിനും സാധ്യതയുണ്ട്. ഇതു മുൻകൂട്ടിക്കണ്ട് അടുത്തിടെ ദക്ഷിണാഫ്രിക്കയിൽ നടന്ന ബ്രിക്സ് ഉച്ചകോടിയിലും പുടിൻ നേരിട്ടു പങ്കെടുത്തിരുന്നില്ല. പകരം വീഡിയോ കോൺഫറൻസിലൂടെ ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു. ന്യൂഡൽഹിയിൽ നടക്കുന്ന ജി-20 ഉച്ചകോടിയിൽനിന്നു സമാനരീതിയിൽ പുടിൻ വിട്ടുനിന്നേക്കുമെന്ന് അഭ്യൂഹമുണ്ടായിരുന്നു. ഇതു ശരിവച്ചാണ് ഇന്നലെ മോദിയുമായുള്ള സംഭാഷണത്തിൽ ഇന്ത്യയിലേക്കില്ലെന്നു പുടിൻ വ്യക്തമാക്കിയത്.

പുടിന്റെ തീരുമാനത്തിനു പിന്നിലെ സാംഗത്യം മനസിലാക്കുന്നുവെന്നും ഇന്ത്യയുടെ ജി-20 അധ്യക്ഷപദത്തിന് റഷ്യ നൽകിയ നിരന്തരപിന്തുണയ്ക്കു നന്ദി പ്രകാശിപ്പിക്കുന്നതായും മോദി മറുപടി നൽകി. സെപ്റ്റംബർ ഒൻപത്, 10 തീയതികളിൽ ഡൽഹിയിലാണ് ജി-20 ഉച്ചകോടി.

മഥുരയിലെ പൊളിക്കലിന് എതിരായ ഹർജി തള്ളി സുപ്രീം കോടതി

ന്യൂഡൽഹി: മഥുരയിലെ കൃഷ്ണ ജന്മഭൂമിക്കു സമീപം റെയിൽവേ നടത്തുന്ന ഇടിച്ചുപൊളിക്കൽ ദൗത്യത്തിനെതിരേ സമർപ്പിച്ച ഹർജി തള്ളി സുപ്രീം കോടതി.

മഥുരയിലെ തർക്കഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച കേസ് പരിഗണിക്കുന്ന പ്രാദേശിക കോടതിയെ സമീപിക്കാൻ നിർദേശിച്ചാണു പരമോന്നത നീതിപീഠം ആവശ്യം നിരാകരിച്ചത്. തൽസ്ഥിതി നിലനിർത്താൻ നിർദേശിച്ച് നേരത്തെ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ കാലപരിധി ദീർഘിപ്പിക്കണമെന്ന ആവശ്യമാണ് ഹർജിക്കാർ ഉന്നയിച്ചത്. 10 ദിവസത്തേക്കു തൽസ്ഥിതി നിലനിർത്തണമെന്ന് കഴിഞ്ഞ 16-നാണ് സുപ്രീം കോടതി ഉത്തരവിട്ടത്.

ഒഴിപ്പിക്കൽദൗത്യം പൂർത്തിയായെന്നു വെള്ളിയാഴ്ച സോളിസിറ്റർ ജനറൽ തുഷാർ മേത്ത കോടതിയെ ധരിപ്പിച്ച സാഹചര്യത്തിൽ കാലപരിധി ദീർഘിപ്പിക്കണമെന്ന ആവശ്യം കോടതി നിരാകരിച്ചിരുന്നു. കൈയേറ്റം ഒഴിപ്പിക്കുന്ന നടപടിക്കു തടയിടാനായി വിഷയത്തെ കൃഷ്ണ ജന്മഭൂമി-ഷാഹി ഈദ്ഗാഹ് മോസ്ക് തർക്കവുമായി ബന്ധിപ്പിച്ച് വർഗീയനിറം നൽകാനുള്ള ഹർജിക്കാരുടെ ശ്രമം ഷായുടെ നീക്കം സംശയാസ്പദമാണെന്നു റെയിൽവേ ചൂണ്ടിക്കാട്ടിയിരുന്നു.

ഭൂമി തർക്കം സംബന്ധിച്ച് സിവിൽ കോടതി മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് ഇന്നലെ ഹർജിക്കാരന്റെ അഭിഭാഷകൻ സുപ്രീം കോടതിയെ ധരിപ്പിച്ചു. ഈ സാഹചര്യത്തിൽ കൂടുതൽ ഇടിച്ചുപൊളിക്കലിനു തടയിട്ട് ഇടക്കാല ഉത്തരവു പുറപ്പെടുവിക്കണമെന്നും അഭിഭാഷകൻ അഭ്യർഥിച്ചു. ശേഷം നടന്ന വാദത്തിനൊടുവിലാണ് ഹർജിയുമായി സിവിൽ കോടതിയെ സമീപിക്കാൻ ജസ്റ്റിസുമാരായ അനിരുദ്ധ ബോസ്, സഞ്ജയ് കുമാർ, എസ്.വി.എൻ. ഭട്ടി എന്നിവരുൾപ്പെട്ട മൂന്നംഗ ബെഞ്ച് നിർദേശിച്ചത്.

ഇമ്രാൻ ഖാനെതിരായ രാജ്യദ്രോഹക്കേസ് റദ്ദാക്കി



ഇസ്ലാമാബാദ്: മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാനെതിരായ രാജ്യദ്രോഹക്കേസ് പാകിസ്താൻ കോടതി റദ്ദാക്കി.

അഴിമതിക്കേസിൽ ജയിലിലായ ഇമ്രാന് ആശ്വാസം പകരുന്ന വിധി ബലൂചിസ്താൻ ഹൈക്കോടതിയാണു പുറപ്പെടുവിച്ചത്. കഴിഞ്ഞ മാർച്ചിൽ ക്വെറ്റയിലെ ഷാഹിദ് ജമീൽ കാകർ ഇമ്രാനെതിരായ കേസ് രജിസ്റ്റർ ചെയ്തത്. പൊതുയോഗത്തെ അഭിസംബോധന ചെയ്ത് ഇമ്രാൻ നടത്തിയ പ്രസംഗം രാജ്യദ്രോഹക്കുറ്റത്തിന്റെ പരിധിയിൽ വരുമെന്നുകാട്ടിയാണ് കേസെടുത്തത്.

എന്നാൽ കുറ്റം ചുമത്താനുള്ള സമ്മതം പ്രവിശ്യാ സർക്കാരിൽനിന്നു നേടിയെടുക്കുന്നതിൽ പ്രോസിക്യൂട്ടർമാർ പരാജയപ്പെട്ടെന്നു നിരീക്ഷിച്ചാണ് കോടതി കേസ് റദ്ദാക്കിയത്. ആരോപണങ്ങൾക്കു നിയമപരമായ പിൻബലമില്ലെന്നു നിരീക്ഷിച്ചാണ് കോടതിയുത്തരവ്.

2022 ഏപ്രിലിൽ നടന്ന വിശ്വാസ വോട്ടെടുപ്പിൽ പരാജയപ്പെട്ട് അധികാരം നഷ്ടപ്പെട്ടതിനുശേഷം ഇമ്രാനെതിരേ ചുമത്തിയ ഡസൻ കണക്കിനു കേസുകളിൽ രാജ്യദ്രോഹക്കേസും ഉൾപ്പെട്ടിരുന്നു.

ഇക്കൊല്ലം അവസാനമോ അടുത്തവർഷം ആദ്യമോ പാകിസ്താനിൽ പൊതുതെരഞ്ഞെടുപ്പ് നടക്കാനിരിക്കേയാണു മുൻ ക്രിക്കറ്റ് താരം കൂടിയായ അദ്ദേഹത്തിനു മത്സരിക്കാൻ കഴിയില്ല.

തോഷാഖാന അഴിമതിക്കേസിൽ മൂന്നുവർഷം ശിക്ഷിക്കപ്പെട്ട സാഹചര്യത്തിൽ രാഷ്ട്രീയപദവി വഹിക്കുന്നതിൽ അഞ്ചു വർഷത്തേക്കു വിലക്കുള്ളതാണു കാരണം. ഇതിനെതിരേ ഇമ്രാൻ സമർപ്പിച്ച ഹർജിയിൽ ഇന്നു വിധി പ്രസ്താവിക്കുമെന്ന് ഇസ്ലാമാബാദ് ഹൈക്കോടതി ഇന്നലെ വ്യക്തമാക്കി.

ചന്ദ്രനെ ഹിന്ദു രാഷ്ട്രമായി പ്രഖ്യാപിക്കണമെന്ന് സ്വാമി ചക്രപാണി



ന്യൂഡൽഹി: ചന്ദ്രനെ ഹിന്ദുരാഷ്ട്രമായി പ്രഖ്യാപിക്കണമെന്നു സർക്കാരിനോടാവശ്യപ്പെട്ട് അഖിലേന്ത്യാ ഹിന്ദു മഹാസഭ ദേശീയ അധ്യക്ഷൻ സ്വാമി ചക്രപാണി മഹാരാജ്. ഇന്ത്യയുടെ ചന്ദ്രയാൻ-3 ദൗത്യ വിജയകരമായതിനു പിന്നാലെയായിരുന്നു അദ്ദേഹത്തിന്റെ അഭ്യർഥന.

വിക്രം ലാൻഡർ ഇറങ്ങിയ ചന്ദ്രോപരിതലത്തിലെ കേന്ദ്രത്തിനു ശിവശക്തി എന്നും ചന്ദ്രയാൻ-2 ഇടിച്ചിറങ്ങിയ മേഖലയ്ക്കു തിരംഗ എന്നും പേരിടുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചതിനു പിന്നാലെയാണ് സാമൂഹികമാധ്യമമായ എക്സിൽ ഒരു വീഡിയോ പങ്കിട്ടു സ്വാമി ആവശ്യമുന്നയിച്ചത്. ഒരു തീവ്രവാദിയും ചന്ദ്രനിൽ എത്താതിരിക്കാൻ കേന്ദ്രസർക്കാർ വേഗത്തിൽ പ്രവർത്തിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

"ചന്ദ്രനെ ഹിന്ദു സനാതന രാഷ്ട്രമായി പാർലമെന്റ് പ്രഖ്യാപിക്കണം. ശിവശക്തി പോയിന്റിനെ അതിന്റെ തലസ്ഥാനമായി വികസിപ്പിക്കണം. അതിലൂടെ ജിഹാദി മനസ്ഥിതിയുള്ള ഒരു തീവ്രവാദിക്കും അവിടെയെത്താൻ കഴിയാതിരിക്കണം." സ്വാമി ചക്രപാണി മഹാരാജ് ആവശ്യപ്പെട്ടു.

ഹിജാബ് ശരിയായി ധരിച്ചില്ല; ഇന്തോനീഷ്യയിൽ വിദ്യാർഥിനികളുടെ തല മുണ്ഡനം ചെയ്തു

ബാലി: ശിരോവസ്ത്രം തെറ്റായി ധരിച്ചുവെന്നാരോപിച്ച് ഇന്തോനീഷ്യയിലെ സ്കൂളിൽ വിദ്യാർഥിനികളുടെ തല ഭാഗികമായി മുണ്ഡനം ചെയ്തതായി റിപ്പോർട്ട്. കിഴക്കൻ ജാവ പട്ടണമായ ലമോംഗനിലെ സർക്കാർ ഉടമസ്ഥതയിലുള്ള ജൂനിയർ ഹൈസ്കൂളിലാണു സംഭവം.

ശിരോവസ്ത്രം ശരിയായി ധരിച്ചില്ലെന്നാരോപിച്ച് ഒരു അധ്യാപികയുടെ നേതൃത്വത്തിൽ 14 പെൺകുട്ടികളെയാണു ശിക്ഷിച്ചത്. വിദ്യാർഥിനികൾ ശിരോവസ്ത്രത്തിനടിയിലെ തൊപ്പികൾ ധരിക്കാതിരുന്നതിനാൽ മുടി ദൃശ്യമായതാണ് അധ്യാപികയെ പ്രകോപിപ്പിച്ചത്. സംഭവം വിവാദമായതോടെ കുട്ടികളോടും പൊതുസമൂഹത്തോടും സ്കൂൾ അധികൃതർ മാപ്പ് പറഞ്ഞതായും അധ്യാപികയെ സസ്പെൻഡ് ചെയ്തതായും പ്രധാന അധ്യാപകൻ അറിയിച്ചു. ഹീനകൃത്യത്തിനു മുതിർന്ന അധ്യാപികയെ പിരിച്ചുവിടണമെന്നാണു മനുഷ്യാവകാശ സംഘടനകളുടെ ആവശ്യം.

ഫ്രാൻസിൽ വിദ്യാർഥികളുടെ മതചിഹ്നധാരണത്തിന് കർശന നിരോധനം

പാരീസ്: ഫ്രാൻസിലെ സ്കൂളുകളിൽ വിദ്യാർഥികൾ മതചിഹ്നങ്ങൾ ധരിക്കുന്നതിനു നിരോധനം. ഇതിന്റെ ഭാഗമായി സർക്കാർ സ്കൂളുകളിൽ ശരീരമാസകലം മൂടുന്ന അബായ എന്ന വസ്ത്രത്തിനും നിരോധനമുണ്ട്.

ഫ്രാൻസ് വിദ്യാഭ്യാസ മന്ത്രി ഗബ്രിയേൽ അത്താലാണ് ഇക്കാര്യം അറിയിച്ചത്. ഒരു ക്ലാസ് മുറിയിലേക്കു പ്രവേശിക്കുന്നമാത്രയിൽത്തന്നെ ഒറ്റനോട്ടത്തിൽ വിദ്യാർഥിയുടെ മതം തിരിച്ചറിയുന്ന സാഹചര്യം ഒഴിവാക്കുന്നതാണ് നല്ലതെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.

വിദ്യാർഥികൾ മതസംബന്ധിയായ സൂചനകൾ ധരിക്കരുതെന്നുകാട്ടി 2004, 2010 വർഷങ്ങളിൽ നിയമം പാസാക്കിയിരുന്നു. കുരിശടയാളം, ശിരസും മുഖവും മറയ്ക്കുന്ന വസ്ത്രങ്ങൾ, ജൂതത്തൊപ്പി ഉൾപ്പെടെയുള്ളവയ്ക്കായിരുന്നു നിരോധനം. എന്നാൽ, നവംബർവരെ അബായയെ ഇതിൽനിന്ന് ഒഴിവാക്കിയിരുന്നു. ഇതാണ് ഇപ്പോൾ നീക്കാൻ സർക്കാർതലത്തിൽ തീരുമാനമെടുത്തിരിക്കുന്നത്.

അധ്യാപകന്റെ സസ്പെൻഷൻ പുനഃപരിശോധിക്കണം: സുപ്രീം കോടതി

ന്യൂഡൽഹി: ജമ്മു കശ്മീരിനു പ്രത്യേക പദവി നൽകിയ ആർട്ടിക്കിൾ 370 റദ്ദാക്കിയതിനെതിരേ ഭരണഘടനാബെഞ്ചിൽ വാദിച്ച അധ്യാപകനെ സസ്പെൻഡ് ചെയ്ത നടപടി പുനഃപരിശോധിക്കണമെന്ന് സുപ്രീം കോടതി ജമ്മു കശ്മീർ ലഫ്. ഗവർണർ മനോജ് സിൻഹയ്ക്കു നിർദേശം നൽകി. സുപ്രീം കോടതിയിൽ ഹാജരായതിനു പിന്നാലെയുള്ള സസ്പെൻഷൻ സംശയകരമാണെന്നു ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ അഞ്ചംഗ ബെഞ്ച് പറഞ്ഞു.

പൊളിറ്റിക്കൽ സയൻസ് അധ്യാപകനായ സഹൂർ അഹമ്മദ് ഭട്ട് ഈ മാസം 23 ന് സുപ്രീം കോടതിയിൽ ഹാജരായി ആർട്ടിക്കിൾ 370 റദ്ദാക്കിയതിനെതിരേ വാദിച്ചിരുന്നു. കേസിലെ പരാതിക്കാരിൽ ഒരാളാണ് ഭട്ട്. 25 ന് സർവീസ് ചട്ടലംഘനം ചൂണ്ടിക്കാട്ടി ജമ്മു കശ്മീർ സ്കൂൾ വിദ്യാഭ്യാസ വകുപ്പ് ഭട്ടിനെ സസ്പെൻഡ് ചെയ്തു.

ഭട്ടിനെ സസ്പെൻഡ് ചെയ്യാനുള്ള കാരണം അറിയുന്നതിനായി ലഫ്. ഗവർണറോട് സംസാരിക്കണമെന്ന് കോടതി അറ്റോർണി ജനറൽ ആർ. വെങ്കട്ടരമണിയോട് ആവശ്യപ്പെട്ടു. കോടതിയിൽ ഹാജരായി തന്റെ വാദം വിശദീകരിച്ചതിന്റെ പേരിൽ ഒരാളെ സസ്പെൻഡ് ചെയ്യുന്നത് അങ്ങേയറ്റം നീതികേടാണെന്ന് മുതിർന്ന അഭിഭാഷകൻ കപിൽ സിബൽ കോടതിയിൽ പറഞ്ഞു.